LIBRARY ARCHIVES Kerala Legislative Assembly

അത്തൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

29 (410) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി അത്തൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

അത്തൂർ മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഇവയിൽ പ്രവർത്തനാനുമതി ലഭിച്ചിട്ടും പ്രവൃത്തി നടക്കാത്ത പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

കിഫ്ബി ധനാനുമതി നൽകിയിട്ടും പ്രവൃത്തി തുടങ്ങാത്ത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പൂർത്തീകരണം

30 (411) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പൂർത്തീകരണം ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭരണവകുപ്പ് മുതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV)ക്കാണ് കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നിർവ്വഹണ മുതല. കൂടാതെ പദ്ധതികളിലെ തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത സമയ ഇടവേളകളിൽ പദ്ധതി നിർവ്വഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ കിഫ്ബി നടത്തിവരുന്നു. കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണ സ്ഥലങ്ങൾ സന്ദർശിച്ച് ത്രൈമാസികാടിസ്ഥാനത്തിലും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖേന പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇവയ്ക്കുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തി, അവയ്ക്ക് റാങ്കിംഗ് ഏർപ്പെടുത്തുകയും ചെയ്യുന്ന രീതി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തന രീതികളിൽ പോരായ്മകൾ കണ്ടെത്തുന്നപക്ഷം വിവിധ മേഖലകളിൽ പരിശീലന പരിപാടികളും സാങ്കേതിക ഉപദേശങ്ങളും നൽകി എസ്.പി.വി.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങളും കിഫ്ബിയുടെ ഭാഗത്തുനിന്നും നൽകിവരുന്നു.

അഴീക്കോട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

31 (412) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി നാളിതുവരെ ലഭ്യമാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അവയിൽ ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

ഈരാറ്റുപേട്ട - വാഗമൺ റോഡിന്റെ നിർമ്മാണപ്രവൃത്തി

32 (413) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ നിർമ്മാണപ്രവൃത്തികൾക്കായുള്ള സ്ഥലമേറ്റെടുപ്പ് ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.